(ഇ) ഉണ്ട്. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 69/12/വനം തീയതി 21-6-2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ/റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്. ക്യാമറ, തോക്ക്, ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് നെറ്റ്വർക്ക് എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള സംരക്ഷണ ജീവനക്കാരെ നിയോഗിച്ചുകൊണ്ട് നിരീക്ഷണവും റെയ്ഡും നടത്തിവരുന്നു.

കരുണ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമി

265 (271) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതി കരുണ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിക്ക് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നെൻമാറ ഡി.എഫ്.ഒ. നൽകിയ എൻ.ഒ.സി. സർക്കാർ പിന്നീട് സ്റ്റേ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനെതിരെ കരുണ എസ്റ്റേറ്റ് കോടതിയെ സമീപിച്ചിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് പോബ്സൺ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) പോബ്സണിന് വേണ്ടി കേസിൽ വക്കാലത്ത് എടുത്തിട്ടുള്ള വക്കീലൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കരുണ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് സർക്കാരിന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) നെല്ലിയാമ്പതി കരുണ എസ്റ്റേറ്റിന്റെ കൈവശമുള്ള 314.4508 ഹെക്ടർ ഭൂമിക്ക് പോക്കുവരവ് നടത്തുന്നതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിരാക്ഷേപപത്രം നൽകുകയും ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അവർകളുടെ

LIBRARY ARCHIVES Kerala Legislative Assembly

8-7-2014-ലെ പ്രൊ.(11)21741/14 നമ്പർ നിർദ്ദേശപ്രകാരം നിരാക്ഷേപപത്രം മരവിപ്പിച്ച് ഉത്തരവാകുകയും ടി വിവരം ചിറ്റൂർ അഡീഷണൽ തഹസിൽദാരെ 8-7-2014-ന് തന്നെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ഇല്ല. എന്നാൽ കരുണാ പ്ലാന്റേഷൻ പ്രശ്നവുമായി ബന്ധപ്പെട്ട് ലാന്റ് ബോർഡ് സെക്രട്ടറിയുടെ (എൽ.ബി.ഇ.5-6754/2014 നമ്പർ) 7-8-2014-ലെ അന്വേഷണ റിപ്പോർട്ടും 12-11-2014-ലെ സ.ഉ. (സാധാ) 5473/2014/റവന്യൂ, 20-11-2014-ലെ മലപ്പുറം കളക്ടറുടെ എസ്റ്റേറ്റ് സർവ്വേ ചെയ്യുന്നതിന് മുന്നോടിയായുള്ള നോട്ടീസും റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ടാണ് ടി കമ്പനി WPC 34072/14 നമ്പർ കേസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്.

(സി) ഇല്ല. എന്നാൽ മേൽ സൂചിപ്പിച്ച WPC 34072/14 കേസ്സിന്റെ നോട്ടീസ് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) മേൽ കേസ്സിലെ വക്കാലത്ത് എടുത്തിട്ടുള്ള വക്കീലന്മാർ ശ്രീ. എൻ, ജെയിംസ് കോശി, ശ്രീ. ടി സഞ്ചയ് എന്നിവരാണ്.

(ഇ) അപ്പീൽ കേസ്സുകളിൽ അതതു സമയങ്ങളിൽ ഉപദേശങ്ങൾ തേടിയിട്ടുണ്ട്. കൂടാതെ നിക്ഷിപ്ത വനഭൂമി തർക്കം സംബന്ധിച്ച് കരുണാ എസ്റ്റേറ്റ് (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) ബഹുമാനപ്പെട്ട ഫോറസ്റ്റ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 583/76 നമ്പർ കേസിലെയും ആയതിനെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത എം.എഫ്.എ. 574/89, 106/90 എന്നീ കേസ്സുകളിലെ സംയുക്ത വിധിപ്രകാരം 89.83 ഏക്കർ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാണെന്ന് കണ്ടെത്തുകയും ബാക്കി വരുന്ന സ്ഥലം 28-12-1993-ൽ കക്ഷികൾക്ക് വിട്ടു നൽകുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നുവന്ന വിശദമായ അന്വേഷണത്തിൽ മേൽ ഭൂമിയുടെ മുൻ ഉടമകളായ വെങ്ങുനാട് കോവിലകം ഫയൽ ചെയ്ത പാർട്ടീഷ്യൻ സ്യൂട്ട് ഒ.എസ്.1/1964-ലെ വിധിയുടെ വെളിച്ചത്തിൽ 490, 494 സർവ്വെ നമ്പറിൽ വരുന്ന 19.7275 ഹെക്ടർ ഭൂമിക്ക് വെങ്ങുനാട് കോവിലകം എഴുതി നൽകിയിട്ടുള്ള ജന്മം നിലനിൽക്കുന്നതല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 492, 493 എന്നീ സർവ്വേ നമ്പറുകളിലെ 5.5 ഹെക്ടർ ഭൂമി ഇ.എഫ്.എൽ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. മേൽ പരാമർശിച്ച ഭൂമി ഒഴിച്ച് 314.4508 ഹെക്ടർ ഭൂമിക്ക് കരം ഒടുക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്ന് ബഹു. അഡ്വക്കേറ്റ് ജനറലിന്റെ 12-2-2014-ലെ സി.ഐ.(എ.ആർ.) എം.എഫ്.എ. 106/90 കത്ത് പ്രകാരം നിയമോപദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly